**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263** **01-02-2023 - ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശാവർക്കർമാർക്ക് നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലായി നിലവിൽ 21694 പേർ ഗ്രാമ പ്രദേശങ്ങളിലും 4205 പേർ നഗര പ്രദേശങ്ങളിലും 549 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26448 പേർ ആശ പ്രവർത്തകരായി പ്രവർത്തിച്ചു വരുന്നു.<br><br>മാതൃ-ശിശു സംരക്ഷണം ഉറപ്പാക്കുക, പ്രാഥമിക വൈദ്യസഹായം എത്തിക്കുക, അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് താഴെത്തട്ടിലുള്ളവർക്ക് സേവനം ഉറപ്പാക്കുക, പകർച്ചവ്യാധിനിയന്ത്രണ പരിപാടികൾ, കൊതുകുനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക, പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ-ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക, പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമൊപ്പം ജീവിതശൈലീരോഗങ്ങൾ, സാന്ത്വനശുശ്രൂഷ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള മാനസികാരോഗ്യപരിപാടി തുടങ്ങിയവയാണ് ആശപ്രവർത്തകരുടെ പ്രധാന ചുമതലകൾ.<br><br>വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും, (അനുബന്ധമായി ചേർത്തിരിക്കുന്നു.) സംസ്ഥാന സർക്കാർ മാസം തോറും നൽകുന്ന 6000 രൂപ ഹോണറേറിയവും, കേന്ദ്ര സർക്കാർ നൽകുന്ന 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് നൽകിക്കൊണ്ടിരിക്കുന്നത്. |
| (ബി) | നിലവിൽ എത്ര ആശാവർക്കർമാരാണ് ഉള്ളതെന്ന് | (ബി) | തിരുവനന്തപുരം - 2616 |

| | | | |
|---|---|---|---|
| | ജില്ലതിരിച്ച് അറിയിക്കാമോ; | | കൊല്ലം - 2019<br>പത്തനംതിട്ട – 1041<br>ആലപ്പുഴ – 2060<br>കോട്ടയം - 1555<br>ഇടുക്കി - 1047<br>എറണാകുളം - 2333<br>തൃശ്ശൂർ – 2341<br>പാലക്കാട് - 2357<br>മലപ്പുറം - 3225<br>കോഴിക്കോട് - 2065<br>വയനാട് - 872<br>കണ്ണൂർ – 1984<br>കാസർഗോഡ് - 933<br>ആകെ - 26448 |
| (സി) | ആശാവർക്കർമാരെ സർക്കാർ ജീവനക്കാരായി പരിഗണിച്ച് ഇവരുടെ സേവന വേതന വ്യവസ്ഥകൾ പുനർനിർണയിക്കുന്നതിനും മിനിമം വേതനം ലഭ്യമാക്കുന്നതിനും വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വിവിധ ദേശീയ – സംസ്ഥാന ആരോഗ്യ ഇതരപദ്ധതികളുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ആശാ വർക്കർമാർക്ക് നൽകി വരുന്ന ഇൻസെന്റീവുകൾ

| നമ്പർ | ഇൻസെൻറീവ് | ഇൻസൻറീവ് തുക (രൂപ) |
|---|---|---|
| 1 | ജെ.എസ്സ്.വൈ –1<br>(എ.പി.എൽ/ബി.പി.എൽ ബാധകമല്ല) | 300/- ഗ്രാമ പ്രദേശങ്ങളിൽ<br>200/- നഗര പ്രദേശങ്ങളിൽ |
| | ജെ.എസ്സ്.വൈ –2 | 300/- ഗ്രാമ പ്രദേശങ്ങളിൽ<br>200/- നഗര പ്രദേശങ്ങളിൽ |
| 2 | MAA Programme | 100/- |
| 3 | ഭവന കേന്ദ്രീകൃത നവജാത ശിശു പരിപാലനം (ട്രൈബൽ മേഖലയിൽ 45 ദിവസത്തെ തുടർ പരിചരണത്തിന്) | 250/- |
| 4 | SNCU വിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തതോ/തൂക്കക്കുറവുള്ളതോ ആയ കുട്ടികളുടെ പരിപാലനം | 50/- |
| 5 | എൻ.ആർ.സി. യിലേക്ക് റഫർ ചെയ്യുന്നതിന്<br>NRC യിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത കുട്ടിയുടെ തുടർപരിചരണത്തിനായി 4 തവണ ഭവന സന്ദർശനം നടത്തുന്നതിന് | 50/-<br>100/- |
| 6 | ദേശീയ വിരവിമുക്ത പരിപാടി | 100/- |
| 7 | ഐ ഡി സി എഫ് | 100/- |
| 8 | എൻ. ഐ. പി. ഐ<br>(കാസർകോഡ്, വയനാട്, മലപ്പുറം & ആലപ്പുഴ ജില്ല കളിൽ മാത്രം). | 50/- |
| 9 | പ്രതിരോധ കുത്തിവെയ്പുകൾ/ വിറ്റാമിൻ എ | 20/- |
| 10 | പൂർണ്ണപ്രതിരോധ കുത്തിവെയ്പുകൾ (ഒരു വയസ്സുവരെ) | 100/- |
| 11 | പൂർണ്ണപ്രതിരോധ കുത്തിവെയ്പുകൾ (രണ്ട് വയസ്സുവരെ) | 75/- |

| | | |
|---|---|---|
| 12 | അഞ്ച് - ആറ് വയസ്സുനുള്ളിലുള്ള ഡി പി ടി ബൂസ്റ്റർ | 50/- |
| 13 | വന്ധ്യംകരണ ശസ്ത്രക്രിയ/പി പി എസ് | 150/- (സ്ത്രീ)<br>200/- (പുരുഷൻ) |
| 14 | പി പി ഐ യു സി ഡി | 150/- |
| 15 | പി എ ഐ യു സി ഡി | 150/- |
| 16 | പ്രതിമാസ അവലോകന യോഗം | 100/- |
| 17 | പാലിയേറ്റീവ് പരിചരണം | 100/- |
| 18 | ജീവിതശൈലീ രോഗ നിർണ്ണയ പരിപാടിയിൽ ആളുകളെ പങ്കെടുപ്പിക്കുക | 50/- |
| 19 | മെൻറൽ ഹെൽത്ത് പരിപാടി | 100/- |
| 20 | എൻ പി സി ബി പ്രോഗ്രാം | 175/- |
| 21 | എൻ എൽ ഇ പി | 250/- അല്ലെങ്കിൽ 200/-<br>400/- (പി.ബി കേസ്)<br>600/- (എം.ബി കേസ്) |
| 22 | എൻ.ഐ.ഡി.ഡി.സി. പ്രോഗ്രാം | 25/- |

(ഒപ്പ്)

സെക്ഷൻ ഓഫീസർ